II. ശ്രദ്ധ ക്ഷണിക്കൽ

(1) വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത

9.30 A.M.]

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ കുടിശ്ശിക കൃത്യമായി മാസംതോറും വിതരണം ചെയ്യണമെന്നും അവശരും രോഗബാധിതരുമായിട്ടുള്ളവരുടെ പെൻഷൻ വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെടാനാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിൽ ഇരുപതു ലക്ഷത്തോളം വരുന്ന പാവപ്പെട്ട അവശരും അങ്ങേയറ്റം നിരാലംബരുമായിട്ടുള്ളവരാണ് ഈ പെൻഷനുകളുടെ ഗുണഭോക്താക്കൾ. കഴിഞ്ഞ ഒന്നര വർഷത്തിലധികമായി ഈ പെൻഷനുകൾ പലതും വിതരണം ചെയ്യുന്നില്ല. ഏറ്റവുമധികം പരിഗണനയർഹിക്കുന്ന ഈ വിഭാഗത്തിന് കഴിഞ്ഞ കുറെ മാസങ്ങളായി അവഗണനയുടെ കയ്പുനീർ കുടിക്കേണ്ടി വരികയാണ്. അവരുടെ ഇടയിലേയ്ക്ക് കടന്നു പോയിട്ടുള്ളവർക്കറിയാം , വളരെയേറെ വിഷമമനുഭവിക്കുന്ന, പ്രയാസമനുഭവിക്കുന്ന പലരും ഈ പെൻഷൻ കുടിശ്ശികയ്ക്കുവേണ്ടി കാത്തിരുന്നു മരിച്ചു പോയിട്ടുണ്ട് എന്ന്. എന്റെ മണ്ഡലത്തിൽത്തന്നെ ഒന്നു രണ്ടു കേസുകൾ എനിക്കറിയാം. ഇപ്പോൾ പഞ്ച മാസമാണ്. കർഷക തൊഴിലാളികൾ, അങ്ങേയറ്റം ദാരിദ്ര്യമനുഭവിക്കുന്ന ഈ സഭയിൽ തന്നെ കിട്ടിയ ഉത്തരമനുസരിച്ച് കഴിഞ്ഞ പതിനെട്ടു മാസമായി പെൻഷൻ വിതരണം ചെയ്തിട്ടില്ല. കയർ തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് വന്നതിനു ശേഷം പെൻഷൻ കൊടുത്തിട്ടില്ല. അതുപോലെ മത്സ്യ തൊഴിലാളികൾക്ക് പതിനാറു മാസമായി ക്ഷേമനിധി പെൻഷൻ ലഭിക്കുന്നില്ല. കൈത്തറി, ബീഡി മേഖലകളിലൊന്നും ഇപ്പോൾ പെൻഷൻ വിതരണം ചെയ്യുന്നില്ല. തൊഴിലില്ലായ്മ വേതനം ഒന്നര കോടിയിലധികം രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് ഒരു ഉത്തരത്തിലൂടെ നമുക്ക് ലഭിച്ചിട്ടുള്ളത്. അഗതികളുടെയും വിധവകളുടെയും പെൻഷൻ, ഗുണഭോക്താക്കളുടെ എണ്ണംതന്നെ 2,08,445 ആണ്. വളരെ തുച്ഛമായ 110 രൂപയാണ് അവർക്ക് ലഭിക്കുന്നത്. പക്ഷേ ആ രൂപ പോലും അവർക്കിപ്പോൾ കിട്ടുന്നില്ല എന്നുള്ളതാണ് വസ്തുത. നമ്മുടെ കേരളത്തിൽ 3,79,000 വികലാംഗർ തന്നെയുണ്ട്. അവരിൽ ഭൂരിഭാഗവും പെൻഷനർഹരാണ്. പക്ഷേ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നത് 1,85,906 പേർക്കാണ്. കഴിഞ്ഞ ആറു മാസമായിട്ട് അവർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. ഏറ്റവും വിഷമം തോന്നുന്ന മറ്റൊരുകാര്യം, കുഷ്ഠ രോഗികൾക്കും അതുപോലെതന്നെ മാരകമായ മറ്റ് രോഗം ബാധിച്ചിട്ടുള്ളവർക്കും കൊടുത്തുകൊണ്ടിരുന്ന പെൻഷൻ 200 രൂപയാണ്. അത് ഈ ഗവൺമെന്റ് വന്നതിനു ശേഷം അവർക്ക് കിട്ടുന്നില്ല. കളക്ടറേറ്റുകൾതോറും കയറി ഇറങ്ങുന്ന കാഴ്ച അത്യന്തം ദയനീയമാണ്. അതുപോലെ തന്നെയാണ് വാർദ്ധക്യകാല പെൻഷൻ. വാർദ്ധക്യകാല പെൻഷൻ ലഭിക്കേണ്ടത് 1,57,268 പേർക്കാണ്. കഴിഞ്ഞ ആറു മാസമായി അവർക്ക് ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ സന്ദർഭത്തിൽ എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് കേരളത്തിൽ വൃദ്ധ ജനങ്ങളുടെ എണ്ണം കൂടിവരികയാണ്. പ്രത്യേകിച്ച് ബി. പി. എൽ. ഫാമിലിയിൽപ്പെട്ട, ദരിദ്രജന വിഭാഗത്തിൽപ്പെട്ടവർ, ഈ രീതിയിൽ വൃദ്ധ ജനങ്ങളുടെ എണ്ണം കൂടിവരുന്ന സന്ദർഭത്തിൽ അങ്ങേയറ്റം വിഷമം അനുഭവിക്കുന്നവർ എന്നുള്ള നിലയിൽ വൃദ്ധജനങ്ങൾക്കായി അവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പ്രത്യേകമായിട്ടുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും ഈ പെൻഷൻ അടിയന്തിരമായി നൽകണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ കുടുംബത്തിൽ ദാരിദ്ര്യം കൊണ്ടും കുടുംബത്തിലെ പ്രാരാബ്ധത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടിവന്നതു കൊണ്ടും ബുദ്ധിമാന്ദ്യം, വികലാംഗത്വം എന്നിവയെല്ലാം കൊണ്ട് വിവാഹിതരാകാൻ കഴിയാതെ പോയിട്ടുള്ള ഹതഭാഗ്യരായ സ്ത്രീകൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന നൂറു രൂപ വീതം പെൻഷൻ കൊടുക്കുവാനുള്ളതും കാര്യക്ഷമമായി നടപ്പാക്കുന്നില്ല. സമൂഹത്തിലെ ഏറ്റവും ദുർബലരായ ജനവിഭാഗങ്ങളാണ് ഈ തുച്ഛമായ ആനുകൂല്യങ്ങൾക്കുവേണ്ടി ഗവൺമെന്റിനോട് കൈ നീട്ടേണ്ടി വരുന്നത് എന്ന് ഓർക്കണം. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ദുരിതാശ്വാസ നിധിയിൽനിന്ന് ലഭിക്കേണ്ടുന്ന, നമ്മുടെ എം.എൽ.എ.-മാരെല്ലാം ആവശ്യപ്പെട്ടാൽ ലഭിക്കുന്ന തുക ഒരു വർഷം കഴിഞ്ഞാലും ലഭിക്കാത്ത അവസ്ഥയുണ്ട്. അത് അതാത് സന്ദർഭത്തിൽത്തന്നെ മറ്റ് സാങ്കേതികത്വത്തിന്റെ ഇടപെടലൊന്നും കൂടാതെ എം. എൽ. എ.-മാർ കൊടുക്കുന്ന അഭ്യർത്ഥന മാനിച്ച് ഏറ്റവും പാവപ്പെട്ടവരായ ഈ വിഭാഗത്തിന് കൊടുക്കാനും അതുപോലെതന്നെ ആ തുക അല്പം വർദ്ധിപ്പിക്കുവാനും തൽക്ഷണം നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട അവശ ജനവിഭാഗങ്ങൾക്കും, കർഷക തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന ഈ തുച്ഛമായ ആനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ വേണ്ടി സത്വര നടപടികൾ സ്വീകരിക്കണം. യാതൊരു വിധത്തിലുള്ള സാങ്കേതികത്വവും അനാവശ്യ കാലതാമസവും ഉണ്ടാകാതിരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് എല്ലാ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളും കുടിശ്ശികയില്ലാതെ ലഭ്യമാക്കുവാനും ഏറ്റവും അവശരായിട്ടുള്ളവർക്ക് അല്പം വർദ്ധിപ്പിച്ചു കൊടുക്കുവാനും ആവശ്യമായിട്ടുള്ള തീരുമാനം ഉണ്ടാക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പെൻഷനുകൾ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ 2002-03 വർഷത്തിൽ കൊടുക്കുവാനായി ജില്ലകളിൽ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. അതാണ് സ്ഥിതി. ഞാൻ അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ വലിയ കുടിശ്ശികയില്ല. ഓരോ ജില്ലയിലും ഇപ്പോൾ തിരുവനന്തപുരം, കൊല്ലം തുടങ്ങി കാസർഗോട് വരെയുള്ള ജില്ലയിലെ കണക്ക് എന്റെ കയ്യിലുണ്ട്. ഈ വർഷം രണ്ടാം മാസംവരെ എല്ലാ സ്ഥലത്തും കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷമുള്ള കുടിശ്ശിക മാത്രമേ വികലാംഗരുടേതുള്ളൂ. പിന്നെ ക്യാൻസർ, കുഷ്ഠം തുടങ്ങിയ രോഗങ്ങൾക്കുള്ള സഹായ പദ്ധതികൾ ആരോഗ്യ വകുപ്പാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ വലിയ കുടിശ്ശികയുണ്ടായിരുന്നു. പക്ഷേ കുടിശ്ശിക ഇപ്പോൾ കുറച്ചുകൊണ്ടു വന്നിട്ടുണ്ട്. 94.70 ലക്ഷം രൂപ കുടിശ്ശികയുണ്ട്. വളരെയധികം കൊടുത്തു. അത് ഉടൻതന്നെ കൊടുക്കുവാനുള്ള നടപടിയെടുക്കുമെന്ന് പ്രസംഗത്തിലൊക്കെ സൂചിപ്പിച്ചതാണ്. എല്ലാ പെൻഷൻകാർക്കും കുടിശ്ശിക മുഴുവൻ കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ കയർ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. കൃഷി വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞത് ആക്സിഡന്റ് അതുപോലെ മറ്റ് ആനുകൂല്യങ്ങൾ ഇവയിലൊക്കെ കൊടുക്കാതെ കിടന്നിരുന്ന പല ആനുകൂല്യങ്ങളും ഈ അടുത്ത കാലത്ത് ലഭ്യമാക്കി. മാത്രമല്ല കുടിശ്ശികയിൽ വലിയ ഒരു തുക കൊടുത്തുകഴിഞ്ഞു. ഇനി കുറച്ചു മാസത്തെ കുടിശ്ശികകൂടി ബാക്കിയുണ്ട് എന്നുള്ളതാണ്. അത് കൊടുക്കുവാനുള്ള നടപടിയെടുക്കുമെന്നു പറഞ്ഞു. തൊഴിൽ വകുപ്പാണ് കർഷക തൊഴിലാളി പെൻഷൻ കൊടുത്തു തീർക്കുന്നത്. അതിൽ പതിനഞ്ചു മാസത്തെ കുടിശ്ശികയുണ്ട്. പക്ഷേ വൻ കുടിശ്ശിക കൊടുത്തു കഴിഞ്ഞു. ഇനിയും പതിനഞ്ചു മാസത്തെ കുടിശ്ശിക അതിനകത്തുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ നമ്മുടെ ആയുർദൈർഘ്യം വർദ്ധിച്ചതുകൊണ്ട് വൃദ്ധ ജനങ്ങളുടെ കഷ്ടപ്പാട് കൂടിവരികയാണ്. പണ്ടൊക്കെ ഓർഫനേജ് തുടങ്ങാനായിരുന്നു നമ്മുടെ നാട്ടിൽ ഏറ്റവുമധികം സന്നദ്ധ സംഘടനകൾ മുന്നോട്ടു വന്നത്. ഇപ്പോൾ വൃദ്ധജനങ്ങളെ താമസിപ്പിക്കുവാനുള്ള സൗകര്യം, ഹോംസ് ഉണ്ടാക്കുന്നതിനാണ് അവർ മുന്നോട്ടു വരേണ്ടത്. സാമൂഹികമായ ഒരു വലിയ പ്രശ്നമായിട്ട് വരുകയാണ്. കൂട്ടുകുടുംബം പോയി. അതുപോലെ ഗൾഫ് രാജ്യങ്ങളിലേക്ക്, പുറത്തേക്കൊക്കെ പോകേണ്ടിവരുമ്പോൾ ഏറ്റവും വലിയ പ്രതിസന്ധി വരികയാണ്. അല്ലെങ്കിൽ ഇൻഡ്യയിൽത്തന്നെ ബാംഗ്ലൂർ, മദ്രാസ് എവിടെയെങ്കിലുമൊക്കെ, ജോലിക്കു പോയിക്കഴിഞ്ഞാൽ ആളുകൾ സ്ഥലത്ത് ഉണ്ടാകുകയില്ല. വലിയ ഒരു പ്രതിസന്ധി വരികയാണ്. ആ രംഗത്ത് ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുതന്നെ എല്ലാം ഗവൺമെന്റ് മേഖലയിലല്ല, സന്നദ്ധ സംഘടന കളൊക്കെ ഓർഗനൈസ് ചെയ്ത് കേരളത്തിൽ വൃദ്ധ ജനങ്ങളുടെ പുനരധിവാസത്തിന് ബൃഹത്തായ പദ്ധതികൾ കൊണ്ടുവരുകയും അതിന് പ്രചാരം കൊടുക്കുകയും ചെയ്യുന്ന രീതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. വൃദ്ധ സദനങ്ങൾ എന്നൊക്കെ പറയുമ്പോൾ യാതൊരു സൗകര്യവും ഇല്ലാത്ത ആളുകളെ കൊണ്ടുപോയി തള്ളുന്ന ഒരു കേന്ദ്രം എന്നുള്ള ഒരു ധാരണയുണ്ട്. അങ്ങനെയല്ല, അന്തർദേശീയ തലത്തിലൊക്കെ അവിടെ പോയി താമസിക്കുവാനാണ് ആളുകൾക്കിഷ്ടം. കാരണം അത്ര സൗകര്യങ്ങളും റിക്രിയേഷനും അതുപോലെതന്നെ ടൂർ പോകാനുള്ള സൗകര്യമൊക്കെയായി വയസ്സുകാലത്ത് ആളുകൾക്ക് ജീവിതം സുഖകരമാക്കാനും ആസ്വദിക്കാനും പറ്റുന്ന തരത്തിൽ കരണീയമായ രീതിയിൽത്തന്നെ ഈ കേന്ദ്രങ്ങൾ തുടങ്ങാൻ സാധിക്കും. അതിന് ഇന്റർനാഷണൽ തലത്തിൽ പല എയിഡുമുണ്ട്. നമുക്ക് ഈ രംഗത്ത് കുറച്ചുകൂടി മുന്നോട്ടുപോകാൻ

സാധിക്കും. ഓർഫനേജുകൾ ഒരു ഉദാഹരണമാണ്. ഓർഫൻസ്, യത്തീം കുട്ടികളുടെ കാര്യം അങ്ങനെ പരിഹരിച്ച സ്ഥിതിയാണ്. നമ്മുടെ സ്റ്റേറ്റിൽ വളരെയധികം ഓർഗനൈസ്ഡ് ആയിട്ട് എല്ലാ സന്നദ്ധ സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്. അതുപോലെ വൃദ്ധജനങ്ങളുടെ കാര്യത്തിലും സഹകരണം ഉണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റിന് ആകുന്ന തരത്തിൽ മുൻകൈ എടുക്കുവാൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കർഷക തൊഴിലാളി പെൻഷൻ ഉൾപ്പടെ മറ്റു പെൻഷനുകളുടെ കുടിശ്ശിക ഈ ഓണത്തിനു മുമ്പ് പൂർണ്ണമായി വിതരണം ചെയ്യുന്നതിന് തയ്യാറാകുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ) : വളരെ മുമ്പ് ബാക്കിയുള്ള പെൻഷനാണ്. 2002 മാർച്ച് അവസാനം വരെ കൊടുത്തു തീർത്തു. കർഷക തൊഴിലാളികളുടെ പെൻഷൻ വളരെയധികം ബാക്കിയുണ്ടായിരുന്നു. ഓണത്തിന് കർഷക തൊഴിലാളികൾക്ക് ബാക്കി കൊടുക്കുമ്പോൾ വളരെയധികം ബാക്കി കൊടുത്തു തീർക്കണമെന്നാണ്. കൊടുക്കും. അതിന് യാതൊരു സംശയവുമില്ല.

(2) വനിതാ പോലീസുകാരുടേയും വനിതാ പോലീസ് സ്റ്റേഷനുകളുടേയും എണ്ണം വർദ്ധിപ്പിച്ച് അവർക്ക് ഉയർന്ന തസ്തികകളിൽ പ്രവേശനം നൽകണമെന്ന ആവശ്യം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, കോലിന്മേൽ സാതി ചുറ്റിക്കണ്ടാൽ ഹാലിളകുന്ന ചിലരുടെയൊക്കെ സ്വഭാവ വൈകൃതങ്ങൾക്ക് അറുതി വരുത്താത്തിടത്തോളം കാലം സ്ത്രീകൾക്ക് അവരുടെ ന്യായമായ പരാതികളുമായി പോലീസ് സ്റ്റേഷനുകളിലേക്ക് കടന്നുചെല്ലാൻ അറപ്പുണ്ടാകും. അവിടെ മറുന്നിനെങ്കിലും ഒരു സ്ത്രീയുണ്ടെങ്കിൽ ഈ അകൽച്ച അല്പമെങ്കിലും കുറയ്ക്കാൻ കഴിയും. സ്ത്രീകളുടെ ന്യായമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് കുടുംബ ഭദ്രതയ്ക്ക് സഹായകമാവുകയും ചെയ്യും. കുടുംബ ഭദ്രത വന്നാൽ സമൂഹ ഭദ്രത താനേ കൈവരും. അതുകൊണ്ട് നാമൊക്കെ സ്വപ്നം കാണുന്ന ഒരു നല്ല നാളെയുടെ പിറവിക്കുവേണ്ടി പോലീസ് ഡിപ്പാർട്ടുമെന്റിൽ കുറെക്കൂടി കൂടുതൽ സ്ത്രീകൾ വേണം. കുറേക്കൂടി വനിതാ പോലീസ് സ്റ്റേഷനുകൾ.....

മി.സ്പീക്കർ: ഇപ്പോൾ ഒരുപാട് പേരെ എടുക്കുകയല്ലേ ടീച്ചർ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വേണം. ഞാനൊന്ന് അവതരിപ്പിച്ചോട്ടെ. നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ വിശ്വാസത്തോടുകൂടി അവതരിപ്പിക്കാൻ ഒരു വേദി ഒരുങ്ങിക്കിട്ടുമ്പോൾ കുറെയേറെ സ്ത്രീകൾക്ക് മാന്യമായി ജീവിക്കാൻ അന്തസ്സുള്ള ഒരു പണി കിട്ടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 434 പോലീസ് സ്റ്റേഷനുകൾ കേരളത്തിലുണ്ടെന്നാണ് എന്റെ അറിവ്. 23-6-2003-ൽ

LIBRARY ARCHIVES Kerala Legislative Assembly